(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിനായി എല്ലാവിധ ആനുകൂല്യങ്ങളും സർക്കാർ നൽകിവരുന്നു. എന്നിരുന്നാലും മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ 50 ശതമാനം പേർക്കുപോലും പ്രവേശനം ലഭ്യമാകുന്നില്ല. ഇപ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പിന്തള്ളപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്ന തരത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും തുടങ്ങണമെന്ന് സർക്കാർ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

(സി) പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി 559.68 കോടി രൂപയുടെ പ്രോജക്ടിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 101.73 കോടി രൂപ ടി പ്രോജക്ടിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 150 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 150 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണത്തിനായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം "ദി സൊസൈറ്റി ഫോർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി 19-9-2014-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോർപ്പസ് ഫണ്ടിൽനിന്നും ചെലവഴിച്ച തുക

227 (5030) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ടിൽനിന്നും പട്ടികജാതി പിന്നോക്കക്ഷേമവകുപ്പ്എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് ജില്ലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഫണ്ട് മുഖേന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേരിച്ചുനൽകുന്നതാണ്.

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

228 (5031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

1. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വലിയമല കോളനി - റോഡ്, കടിവെള്ള പദ്ധതി, ഫുട്പാത്ത് നിർമ്മാണം.
2. ഭവന നിർമ്മാണ പദ്ധതി - 138 പേർക്ക് അനുവദിച്ചു
3. ഭൂരഹിത പുനരധിവാസ പദ്ധതി - 302 പേർക്ക്
4. ടോയ്ലറ്റ് നിർമ്മാണ പദ്ധതി - 517 പേർക്ക്
5. ഭവന പുനരുദ്ധാരണ പദ്ധതി - 89 പേർക്ക് അനുവദിച്ചു
6. വിദ്യാഭ്യാസാനുകൂല്യം - ഇ-ഗ്രാന്റ്സ് വഴി അനുവദിച്ചുനൽകി.

കോട്ടയം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

229 (5032) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly